ഭരണഭാഷ മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്,തിരുവനനതപുരം

dtekerala@gmail.com

04712561307

**നടപടിക്രമം**

വിദ്യാഭ്യാസം-സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ. അജിത്ത് എ കെ, ട്രേഡ് ഇൻസ്ട്രക്ടർ (സിവിൽ എഞ്ചിനീയറിംഗ്) - സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ - വനിതാ ജീവനക്കാരിക്കെതിരെയുള്ള അധിക്ഷേപം - സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ബി) വിഭാഗം**

നമ്പർ.DTETVM/287/2025-EB2 (EB) തീയതി.31-01-2025

---

വായനഃ- 1.07/01/2025 തീയതിയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ പ്രിൻസിപ്പാളിന്റെ GCEKNR/2982/2024 E1 നമ്പർ കത്ത്.

2.30/12/2024 തീയതിയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരി പ്രിൻസിപ്പാളിന് നൽകിയ E1/595317/24 നമ്പർ പരാതി.

3.സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കണ്ണൂർ ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി റിപ്പോർട്ട്.

4.09/01/2025 തീയതിയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കണ്ണൂർ പ്രിൻസിപ്പാളിന്റെ GCEKNR/2982/2024 E1 നമ്പർ കത്ത്.

5.തളിപ്പറമ്പ് പോലീസ് (നമ്പർ .29/25 U/S 75(1)(iv.79BNS.2023) നമ്പർ FIR.

6.22/01/2025 തീയതിയിലെ ഈ കാര്യാലയത്തിലെ വിജിലൻസ് കമ്മിറ്റി തീരുമാനം

**ഉത്തരവ്**

കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ വനിതാ ജീവനക്കാരി തന്നെ അധിക്ഷേപിക്കുന്ന തരത്തിൽ കോളേജിൻ്റെ ചുമരിൽ എഴുതിയ അതേ സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. അജിത്ത് എ കെ, ട്രേഡ് ഇൻസ്ട്രക്ടർ (സിവിൽ എഞ്ചിനീയറിംഗ്)ക്ക് എതിരെ കോളേജ് പ്രിൻസിപ്പാളിന് സൂചന (2) പ്രകാരം പരാതി നൽകുകയും ആയത് പരിശോധിച്ച് സൂചന (3) പ്രകാരം ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി നിർദ്ദേശപ്രകാരം പോലീസ് അധികാരിക്ക് കൈമാറിയ പരാതിയിൽ FIR രെജിസ്റ്റർ ചെയ്തതായും ശ്രീ. അജിത്ത് എ കെ യ്ക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തതായും സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (6) വിജിലൻസ് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. അജിത്ത് എ കെ യ്ക്ക് വേലവിലക്ക് ഏർപ്പെടുത്തുന്നതിനും ടിയാനെതിരെ വകുപ്പ് തല അന്വേഷണത്തിനായി നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ സാഹചര്യത്തിൽ കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ശ്രീ. അജിത്ത് എ കെ (പെൻ.456634)യെ, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം, ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1, കേരള സർവീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവന ബത്തയ്ക്ക് ടിയാന് അർഹത ഉണ്ടായിരിക്കുന്നതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്:-

1.പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ. (ഡിറ്റിഇ വെബ്സൈറ്റ് മുഖേന)

2.അജിത്ത് എ കെ, ട്രേഡ് ഇൻസ്ട്രക്ടർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കണ്ണൂർ (സ്ഥാപന മേധാവി മുഖാന്തിരം)

3.അക്കൌണ്ടന്റ് ജനറൽ, അക്കൌണ്ടന്റ് ജനറലിന്റെ കാര്യാലയം, കോഴിക്കോട്

4.കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

പകർപ്പ്:-

1.സി എ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറ്റർ.

Signed by
Shalij P R
Date: 31-01-2025 13:09:56